ഉത്തരം

(എ) ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

അഞ്ചലിൽ പുതിയ പോലീസ് കോംപ്ലക്സ് പണിയുന്നതിന് നടപടി

52 (4661) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുനലൂർ മണ്ഡലത്തിലെ അഞ്ചലിൽ പുതിയ പോലീസ് കോംപ്ലക്സ് പണിയുന്നതിനുള്ള നടപടികൾ എവിടെവരെയായി ; പ്രസ്തുത പോലീസ് കോംപ്ലക്സിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഇതിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പുനലൂർ മണ്ഡലത്തിലെ അഞ്ചലിൽ പുതിയ പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് എന്നിവ പണിയുന്നതിനുവേണ്ടി അഞ്ചൽ വില്ലേജിൽ സർവ്വേ നമ്പർ 33/3 ബി 2, 33/8-13-22, 33/8 -12, 33/3 ബി-3-ൽ പ്പെട്ടതും കന്നുകാലി ചന്തയ്ക്കുവേണ്ടി അക്വയർ ചെയ്ത് പുറമ്പോക്കായി പഞ്ചായത്തിന്റെ അധീനതയിൽ നിലനിർത്തിയിട്ടുള്ളതുമായ 2.77 ഏക്കർ ഭൂമിയിൽ നിന്നും ഒരു ഏക്കർ സ്ഥലം പോലീസ് വകുപ്പിന് വിട്ടുകൊടുക്കുന്നതിനും പകരം ഇപ്പോൾ അഞ്ചൽ പോലീസ് സ്റ്റേഷന് നൽകുന്ന സ്ഥലം കെട്ടിടമുൾപ്പെടെ അഞ്ചൽ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനും ജി.ഒ.(എം.എസ്) നമ്പർ: 478/09/റവന്യൂ തീയതി 24-11-2009 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പോലീസ് സ്റ്റേഷന് 60 സെന്റ് ഭൂമി നൽകിയാൽ മതിയെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 24-11-2009-ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഒരേക്കർ ഭൂമിയെന്നത് 60 സെന്റാക്കി ഭേദഗതി ചെയ്യണമെന്ന റവന്യൂ വകുപ്പിന്റെ നിർദ്ദേശത്തിന്മേൽ പോലീസ് ഡയറക്ടർ ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

തലപ്പുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നത് സംബന്ധിച്ച്

53 (4662) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ തലപ്പുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly